50/DGE/HSE/NSS/2025

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി:17/10/2025

# സർക്കുലർ

വിഷയം: ഹയർ സെക്കണ്ടറി നാഷണൽ സർവീസ് സ്കീം – 'ജീവിതോത്സവം 2025' 21 ദിന ചലഞ്ചിന്റെ ഭാഗമായുള്ള 'ആകാശമിഠായി ചലഞ്ച് കാർണിവൽ 2025'-ൽ ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും പങ്കെടുക്കുന്നത് – സംബന്ധിച്ച്.

സൂചന: ഹയർ സെക്കണ്ടറി നാഷണൽ സർവീസ് സ്കീം ഡയറക്ടറേറ്റിന്റെ തീരുമാനം.

ഹയർ സെക്കന്ററിതലത്തിലെ ഒന്നര ലക്ഷം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നാഷണൽ സർവീസ് സ്കീമിന്റെ (NSS) നേതൃത്വത്തിൽ 'ജീവിതോത്സവം 2025' എന്ന പേരിൽ 21 ദിന ചലഞ്ച് വിജയകരമായി പൂർത്തിയാക്കിയ വിവരം ഏവർക്കും അറിവുള്ളതാണല്ലോ. ലഹരി പോലുള്ള വിപത്തുകളിൽ നിന്ന് കൗമാരക്കാരെ അകറ്റിനിർത്തി, ജീവിതം രസകരവും സർഗാത്മകവുമാക്കാൻ ലക്ഷ്യമിട്ടുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല വിജയാഘോഷമായി 'ആകാശമിഠായി ചലഞ്ച് കാർണിവൽ 2025' സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:

<u>പരിപാടിയുടെ വിശദാംശങ്ങൾ:</u>

പേര്: ആകാശമിഠായി ചലഞ്ച് കാർണിവൽ 2025

തീയതി: 2025 ഒക്ടോബർ 21, 22 (ചൊവ്വ, ബുധൻ)

സ്ഥലം: കനകക്കുന്ന് കൊട്ടാരം, തിരുവനന്തപുരം

<u>കാർണിവലിന്റെ ഉള്ളടക്കം:</u>

- ചലഞ്ച് വിജയികളായ ടീമുകളുടെ സംസ്ഥാനതല മത്സരങ്ങൾ.
- സെമിനാർ.
- NSS വോളന്റിയർമാർ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം.
- വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള സ്വതന്ത്രവേദികൾ.
- എല്ലാ ജില്ലകളിൽ നിന്നുമുള്ള തനത് കലാരൂപങ്ങളുടെ അവതരണം.
- വിവിധ സർക്കാർ വകുപ്പുകളുടെ സ്റ്റാളുകൾ.

<u>പങ്കാളിത്തം സംബന്ധിച്ച നിർദ്ദേശങ്ങൾ:</u>

എല്ലാ ഹയർ സെക്കന്ററി NSS മേഖലാ കൺവീനർമാർ, ജില്ലാ കൺവീനർമാർ, ക്ലസ്റ്റർ കൺവീനർമാർ, പ്രോഗ്രാം ഓഫീസർമാർ, തിരഞ്ഞെടുക്കപ്പെട്ട NSS വോളന്റിയർമാർ എന്നിവർ കാർണിവലിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർ, മേൽപ്പറഞ്ഞവർക്ക് പരിപാടിയിൽ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. കാർണിവലിൽ പങ്കെടുക്കുന്നതിനായി സ്കൂളിൽ നിന്ന് വിട്ടുനിൽക്കുന്ന ദിവസങ്ങൾ, ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക ചുമതല നിർവഹണത്തിന്റെ ഭാഗമായി കണക്കാക്കുന്നതാണ്. എല്ലാ ജില്ലകളിൽ നിന്നും അർഹമായ പ്രാതിനിധ്യം ഉണ്ടെന്ന് അതാത് ജില്ലാ കൺവീനർമാരും റീജിയണൽ പ്രോഗ്രാം കോർഡിനേറ്റർമാരും (RPC) ഉറപ്പുവരുത്തേണ്ടതാണ്.

ലഹരിമുക്തവും ശാക്തീകരിക്കപ്പെട്ടതുമായ ഒരു യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഈ പരിപാടിയുടെ വിജയത്തിനായി എല്ലാവിധ സഹകരണവും അഭ്യർത്ഥിക്കുന്നു. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും കാർണിവലിലേക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)